പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3828**

19.02.2013 ൽ മറുപടിയ്ക്ക്

## വളഞ്ഞനടക്കാവ് ലക്ഷംവീട് കോളനി ആക്രമണം സംബന്ധിച്ച കേസ്

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കായംകുളം മണ്ഡലത്തിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ വളഞ്ഞനടക്കാവ് ലക്ഷംവീട് കോളനിയിൽ ജനുവരി 13, ഫെബ്രുവരി 2 എന്നീ തീയതികളിൽ ഒരു കൂട്ടം സാമൂഹ്യവിരുദ്ധർ മാരകായുധങ്ങളുമായി കോളനി നിവാസികളെ ഭീഷണിപ്പെടുത്തുകയും പ്രസ്തുത കോളനിയിലെ ശ്രീമതി.പുഷ്പവല്ലി, മരുമകൻ അജിഭവനത്തിൽ ഷിജു എന്നിവരെ ആക്രമിക്കുകയും, വീട് തല്ലിത്തകർക്കുകയും, പ്രസ്തുത കോളനിയിലെ താമസക്കാരനായ ശ്രീജിയുടെ ഓട്ടോറിക്ഷ തല്ലിത്തകർക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, കുറ്റക്കാരായ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; കേസിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ? | (ബി) ഉണ്ട്. ഇതു സംബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കായംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 87/2013 എന്ന കേസിലെ മൂന്ന് പ്രതികളിൽ ഒന്നാം പ്രതിയെയും ക്രൈം നമ്പർ 221/2013 എന്ന കേസിലെ നാല് പ്രതികളിൽ ഒന്നാം പ്രതിയെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ട് കേസുകളും അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ